"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്- പത്തനംതിട്ട ജില്ലാ ഓഫീസിന്റെ പ്രവർത്തനം ആസൂത്രണ സമിതി സെക്രട്ടറിയേറ്റിന്റെ മൂന്നാം നിലയിൽ അനുവദിച്ചിട്ടുള്ള കെട്ടിടത്തിലേക്ക് മാറ്റുന്നതിന്റെ ഭാഗമായി ജില്ലാ ഓഫീസിന്റെ സാധന സാമഗ്രികൾ എത്തിക്കുന്നതിന് കയറ്റിറക്കു കൂലിയായി 65,090/- രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.213/2026/P&EA തീയതി,തിരുവനന്തപുരം, 20-05-2026

---

പരാമർശം:- 1. 07.08.2017 ലെ GO(P)No.102/2017/Fin

2. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ 02.05.2026, 06.04.2026 തീയതികളിലെ ഡിഇഎസ്/3277/2023-SPI നമ്പർ കത്ത്

**ഉത്തരവ്**

പത്തനംതിട്ട ജില്ലാ ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന മിനി സിവിൽ സ്റ്റേഷൻ കെട്ടിടം ഉപയോഗശൂന്യമാണെന്നും കെട്ടിടം ഡീ കമ്മീഷൻ ചെയ്യുന്നതിന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അതിനാൽ അടിയന്തരമായി ഓഫീസിന്റെ പ്രവർത്തനം ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയറ്റിലേക്ക് മാറ്റണം എന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ടെന്നും ആസൂത്രണ സമിതി സെക്രട്ടേറിയറ്റിന്റെ മൂന്നാം നിലയിൽ അനുവദിച്ചിട്ടുള്ള ഓഫീസിലേക്ക് സാധന സാമഗ്രികൾ എത്തിക്കുന്നതിന് കയറ്റിറക്കു കൂലിയായി 65090/-രൂപയാകുമെന്ന് കേരള ചുമട്ടു തൊഴിലാളി ക്ഷേമബോർഡ് പത്തനംതിട്ട ജില്ലാ ചെയർമാൻ അറിയിച്ചിട്ടുണ്ടെന്നും അതിനാൽ ആസൂത്രണ സമിതി സെക്രട്ടറിയേറ്റിന്റെ മൂന്നാം നിലയിൽ അനുവദിച്ചിട്ടുള്ള ഓഫീസിലേക്ക് സാധന സാമഗ്രികൾ എത്തിക്കുന്നതിന് കയറ്റിറക്കു കൂലിയായി 2026-27 സാമ്പത്തിക വർഷം 3454-02-111-89-05-04 PV എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 14,32,000 രൂപയിൽ നിന്നും 65,090/- രൂപ,

അനുവദിച്ചു നൽകണമെന്ന് പരാമർശം - 2 പ്രകാരം സാമ്പത്തിക സ്ഥിതിവിവരകണക്കു വകുപ്പ് ഡയറക്ടർ, അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലാ ഓഫീസിന്റെ പ്രവർത്തനം ആസൂത്രണ സമിതി സെക്രട്ടറിയേറ്റിന്റെ മൂന്നാം നിലയിൽ അനുവദിച്ചിട്ടുള്ള കെട്ടിടത്തിലേക്ക് മാറ്റുന്നതിന്റെ ഭാഗമായി ജില്ലാ ഓഫീസിന്റെ സാധന സാമഗ്രികൾ എത്തിക്കുന്നതിന് കയറ്റിറക്കു കൂലിയായി **65,090/- രൂപ (അറുപത്തയ്യായിരത്തി തൊണ്ണൂറ്), 3454-02-111-89-05-** ഓഫീസ് ചെലവുകൾ **04-** മറ്റിനങ്ങൾ-**PV** എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മനോജ് കെ എസ്
അണ്ടർ സെക്രട്ടറി

ഡയറക്ടർ, സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് & എ&ഇ), കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം .

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്(വെബ് & ന്യൂ മീഡിയ ഡിവിഷൻ)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sajith T
സെക്ഷൻ ഓഫീസർ
Date: 20-05-2026 15:28:19